പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2240 | 5/12/2018 ൽ മറുപടി<br>നല്കേണ്ടത്. |

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കുവാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.കെ.ജെ. മാക്സി**<br>**,, സജി ചെറിയാൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | വൃക്ക സംബന്ധമായ പ്രശ്നങ്ങളും പ്രമേഹം, കാൻസർ, ഹൃദ്രോഗം തുടങ്ങിയ അസുഖങ്ങളും ബാധിച്ചവരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിൽ മാറിയ ഭക്ഷണ സംസ്കാരത്തിന്റെ പങ്ക് പഠനവിധേയമാക്കിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങളുടെ മൂല കാരണങ്ങൾ തെറ്റായ ഭക്ഷണരീതിയും വ്യായാമമില്ലായ്മയും, പുകവലി, മദ്യപാനം തുടങ്ങിയ ലഹരിയോടുള്ള ആസക്തി, മാനസിക പിരിമുറുക്കം തുടങ്ങിയവയാണ് ഇതിൽ അനാരോഗ്യകരമായ ഭക്ഷണ രീതി വൃക്കരോഗങ്ങൾക്കും പ്രമേഹം, കാൻസർ, ഹൃദ്രോഗം എന്നീ രോഗങ്ങൾക്കും കാരണമാകുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. മലയാളികളുടെ ഭക്ഷണ രീതിയിലുണ്ടായ ഫാസ്റ്റ് ഫുഡ് സംസ്കാരവും തനത് ഭക്ഷണ രീതിയിൽ നിന്നും വന്ന വ്യതിയാനവും രോഗ കാരണങ്ങളായി കണക്കാക്കപ്പെടുന്നു. |
| ബി) | മാർക്കറ്റിൽ ലഭിക്കുന്ന മത്സ്യം, വെളിച്ചെണ്ണ, പാൽ, പച്ചക്കറി, പഴം, മസാലപ്പൊടി, പ്ലാസ്റ്റിക്ക് കുപ്പിയിലാക്കിയ കുടിവെള്ളം മുതലായവയിൽ മാരക രോഗങ്ങൾക്ക് ഹേതുവാകുന്ന രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. ഭക്ഷ്യസുരക്ഷവകുപ്പ് നിരന്തരമായി പരിശോധനകൾ നടത്തുകയും സംശയംതോന്നുന്നവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുന്നുണ്ട്. അവയിൽ 'സബ്സ്റ്റാൻഡേർഡ്' ഫലം ലഭിക്കുന്ന കേസുകളിൽ അഡ്ജൂഡിക്കേഷൻ നടപടികളും 'അൺസേയ്ഫ് ഫലം |

| | | | |
|---|---|---|---|
| | | & ഡി) | ലഭിക്കുന്ന കേസുകളിൽ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു. |
| സി) | സുരക്ഷിത ആഹാര സാധനങ്ങൾ മാത്രം പാചകം ചെയ്യും അല്ലാതെയും വിപണനം ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; നിശ്ചിത ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വില്ക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ